"ഭരണഭാഷ – മാതൃഭാഷ"

കേരളം സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ടെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽഭവൻ
പി.എം.ജി, വികാസ് ഭവൻ പി. ഒ, തിരുവനന്തപുരം - 33
e-Mail : cru.dttvpm@kerala.gov.in, Phone : 0471-2303856

---

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**( നിലവിൽ : സുധാശങ്കർ ആർ )**

വിഷയം : വ്യാവസായിക പരിശീലന വകുപ്പ് – ടെയിനിംഗ് ഡയറക്ടറേറ്റ് - ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് - അപാകത പരിഹരിച്ച് തിരുത്തൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം : 1. ബഹു. ജോയിന്റ് ഡയറക്ടറുടെ **14-02-2023** തീയതിയിലെ **DT/92/2021-A2** നമ്പർ ഉത്തരവ്.

2. ചെങ്ങന്നൂർ ഗവൺമെൻറ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ **24/9/2026** തീയതിയിലെ **ITI/CGNR/970/2026-A1** നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : DT/3333/2026-A10 തീയതി 09-10-2026**

വ്യാവസായിക പരിശീലന വകുപ്പിൽ സേവനത്തിലുള്ളതും **25/01/2021** വരെ നിയമന ശിപാർശ ലഭിച്ചതുമായ ജൂനിയർ ഇൻസ്ട്രക്ടർമാരെ ഉൾപ്പെടുത്തി പരാമർശം-1 പ്രകാരം അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനമ്പർ **955** ആയി ഉൾപ്പെട്ടിട്ടുള്ള ചെങ്ങന്നൂർ ഗവ: ഐ.ടി.ഐ യിലെ ഫിറ്റർ ട്രേഡ് സീനിയർ ഇൻസ്ട്രക്ടർ ശ്രീ. വിനോദ് വി **(PEN: 508103)** യെ ക്രമനമ്പർ **901** ആയി ക്രമീകരിയ്ക്കണമെന്നും അതിൻപ്രകാരം സീനിയർ ഇൻസ്ട്രക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റിലും ആയതനുസരിച്ചുള്ള മാറ്റം വരുത്തണമെന്നും ആവശ്യപ്പെട്ട് ടിയാൻ പരാമർശം-2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷനായി നിലവിൽ പരിഗണിയ്ക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റിലും ടിയാൻ ഉൾപ്പെടുമെന്നതിനാൽ ടി വിഷയം വിശദമായി പരിശോധിച്ചു.

ബഹു. ജോയിന്റ് ഡയറക്ടറുടെ **14-02-2023** തീയതിയിലെ **DT/92/2021-A2** നമ്പർ ഉത്തരവ് പ്രകാരമുള്ള ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ അന്തിമ ഗ്രഡേഷൻ പട്ടികയിൽ ക്രമ നമ്പർ **955** ആയ ശ്രീ വിനോദ് വി യുടെ നിയമന ശിപാർശ തീയതി **25-09-2013** എന്ന് തെറ്റായി ആണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ) തസ്തികയിലേക്കുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ **08-07-2013** തീയതിയിലെ **RIC(2)9126/13/GW** നമ്പർ നിയമന ശിപാർശ പരിശോധിച്ചതിൽ നിന്നും അപേക്ഷകന്റെ യഥാർത്ഥ നിയമന ശിപാർശ തീയതി **08-07-2013** ആണെന്ന് വ്യക്തമായിട്ടുണ്ട്. ടി ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ ) തസ്തികയുടെ നിയമന ശിപാർശയിൽ , ശ്രീ വിനോദ് വി യെ ശ്രീമതി രേഖ കെ സി -യുടെ ക്രമ നമ്പറിന് ശേഷവും ശ്രീ പവിത്രൻ പി -യുടെ ക്രമനമ്പറിന്

മുൻപിലുമായാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . ആയത് പ്രകാരം, നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ അന്തിമ ഗ്രഡേഷൻ പട്ടികയിൽ ക്രമ നമ്പർ **900** ൽ ഉൾപ്പെട്ട ശ്രീമതി രേഖ കെ സി യ്ക്ക് തൊട്ടു താഴെയായി ക്രമ നമ്പർ **901** ആയി ശ്രീ വിനോദ് വി യെ ഉൾപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ ക്രമനമ്പർ **955** ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ വിനോദ് വി **(PEN: 508103)** യെ ക്രമനമ്പർ **901** ആയി ഉൾപ്പെടുത്തിയും, ക്രമ നമ്പർ **901** മുതൽ **954** വരെ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ ക്രമ നമ്പറുകൾ യഥാക്രമം **902** മുതൽ **955** വരെയായി പുനഃക്രമീകരിച്ചും പരാമർശം-**1** പ്രകാരമുള്ള ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

Digitally signed by
R Sudhasankar
Date: 09-10-2026
16:12:43

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്: വകുപ്പിലെ ജൂനിയർ / സീനിയർ ഇൻസ്ട്രക്ടർമാർ
(പ്രിൻസിപ്പൽ മുഖേന)

പകർപ്പ്: ഐ.ടി. സെൽ
(വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)